കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ചെട്ടിസ് എന്ന പൊതു പേരിനോടൊപ്പം ചെട്ടിയുടെ അവാന്തര വിഭാഗമായി '24 മന തെലുങ്ക് ചെട്ടി' എന്നും കൂടി ചേർത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്)വകുപ്പ്

സ.ഉ.(കൈ)നം.11/98/പജപവവ   തിരുവനന്തപുരം, തിയതി, 1.2.98

പരാമർശം: നിയമസഭാ സെക്രട്ടറിയുടെ 21.1.97ലെ 5033/ബിസിഡബ്ല്യുസി2/97 ലെ ജി നമ്പർ കത്ത്

ഉത്തരവ്

കേരള നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമ സമിതിക്ക് 'ഇരുപത്തിനാല് മന തെലുങ്കുചെട്ടി സംസ്ഥാന കമ്മിറ്റി പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിൽ, സംസ്ഥാനത്ത് നിലവിലുള്ള പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ പ്രത്യേകം പ്രത്യേകം ചേർത്തിട്ടുള്ള 24 മന ചെട്ടി, തെലുങ്ക് ചെട്ടി എന്നീ വിഭാഗങ്ങളെ 24 മന തെലുങ്ക് ചെട്ടി എന്ന ഒരു വിഭാഗമായി അറിയപ്പെടുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

ഈ കാര്യത്തിൽ കിർത്താഡ്സ് ഡയറക്ടറുടെ അഭിപ്രായം ആരായുകയുണ്ടായി. പ്രാദേശികമായി വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്ന ഇവരെ ചില സ്ഥലങ്ങളിൽ '24 മന ചെട്ടി' എന്നും മറ്റു ചിലയിടങ്ങളിൽ 'തെലുങ്ക് ചെട്ടി' എന്നും വേറെ ചില സ്ഥലങ്ങളിൽ '24 മന തെലുങ്കുചെട്ടി' എന്നും അറിയപ്പെടുന്നതായും അതിനാൽ ഈ സമുദായത്തെ '24 മന തെലുങ്ക് ചെട്ടി' എന്നു കൂടി ഉൾപ്പെടുത്തുന്നതായിരിക്കും അഭികാമ്യമെന്നും കിർത്താഡ്സ് അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു നിലവിലുള്ള ലിസ്റ്റിൽ നിന്നും പേരുകളൊന്നും മാറ്റാതെ തന്നെ ഇങ്ങനെ ഉൾപ്പെടുത്തുന്നതുകൊണ്ട് [illegible] ഉന്നയിച്ചിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ല എന്ന കിർത്താഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ "ചെട്ടിസ്" എന്ന വിഭാഗത്തോടൊപ്പം 24 മന തെലുങ്ക് ചെട്ടി എന്നു കൂടി ചെട്ടിയുടെ അവാന്തര വിഭാഗമായി ചേർത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്. സുബ്ബയ്യ

സ്പെഷ്യൽ സെക്രട്ടറി.

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്,
മെമ്പർ സെക്രട്ടറി, കേരള പിന്നോക്ക വിഭാഗ കമ്മീഷൻ ([illegible])
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ,
പൊതുഭരണ (എസ്.സി)വകുപ്പിന് (20.1.1998 ലെ [illegible] നമ്പർ 2683 കുറിപ്പ്)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര ([illegible]) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓ.സി

ഉത്തരവിൻ പ്രകാരം അയക്കുന്നത്